(ബി) ഇത്തരത്തിലുള്ള പെർമിറ്റ് അനുസരിച്ച് ആകെ എത്ര മണ്ണെണ്ണ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആ കണക്കനുസരിച്ച് മണ്ണെണ്ണ നൽകാൻ കഴിയുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റു നൽകാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ആയതിലേക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ മണ്ണെണ്ണ അലോട്ട് ചെയ്തു കിട്ടുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; അത് സംബന്ധിച്ച വിശദാംശങ്ങളും അതിന്റെ ഫലവും എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി വിതരണം ചെയ്യുന്നതിന് ജൂലായ് മാസത്തേക്ക് 2556 കി. ലി. മണ്ണെണ്ണ അനുവദിച്ചിട്ടുണ്ട്. 2004-05 സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധനാവശ്യത്തിനായി 32,035 കി. ലി. മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) നിലവിൽ നൽകിവരിക്കുന്ന മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റുകൾക്ക് പൂർണ്ണമായ തോതിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രതിമാസം 5,121 കി. ലി. മണ്ണെണ്ണ ആവശ്യമുണ്ട്. ഇത്രയും അളവ് മണ്ണെണ്ണ മത്സ്യബന്ധനാവശ്യത്തിന് നൽകുവാൻ ഇപ്പോൾ കഴിയുന്നില്ല.

(സി) കേന്ദ്രത്തിൽ നിന്ന് മത്സ്യബന്ധനാവശ്യത്തിനായി പ്രത്യേക മണ്ണെണ്ണ വിഹിതം അനുവദിച്ചു തരുന്നില്ല. വിളക്കു കത്തിക്കുന്ന ആവശ്യത്തിനും പാചകാവശ്യത്തിനുമായി കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണയുടെ ഒരു ഭാഗം മത്സ്യബന്ധനാവശ്യത്തിനായി വിതരണം ചെയ്തുവരുന്നതിനാൽ മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റുകൾക്ക് പെർമിറ്റ് പ്രകാരമുള്ള മണ്ണെണ്ണയുടെ 50% മാത്രമേ ഇപ്പോൾ നൽകിവരുന്നുള്ളൂ. ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് നൽകുവാനും മേൽ സാഹചര്യം കൊണ്ട് ഇപ്പോൾ കഴിയുന്നില്ല.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്ക് ആനുപാതികമായി കൂടുതൽ മണ്ണെണ്ണ വിഹിതം അനുവദിച്ചു തരുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര പെട്രോളിയവും പ്രകൃതി വാതകവും വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയും ഒ പ്രശ്നം എം. പി. മാരുടെ സമ്മേളനത്തിൽ ഉന്നയിക്കുകയും അപ്രകാരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ഉപഭോക്തൃ സമിതിയുടെ പ്രവർത്തനം

77 [2066] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ സമിതിയുടെ പ്രവർത്തനം നിലവിലുണ്ടോ; എങ്കിൽ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ ഉപഭോക്തൃ സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(സി) കണ്ണൂർ ജില്ലാ ഉപഭോക്തൃ സമിതി അംഗങ്ങളുടെ പേരു വിവരങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം ഇപ്പോൾ നിലവിലില്ല. 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമമനുസരിച്ച് മൂന്നു വർഷക്കാലത്തേക്ക് രൂപീകരിച്ചിരുന്ന സംസ്ഥാന സമിതിയുടെ കാലാവധി 31-5-2005-ൽ അവസാനിച്ചു.

(ബി, സി) ഉപഭോക്തൃ സംരക്ഷണ നിയമത്തിനു് 2002-ലെ ഭേദഗതി പ്രകാരം എല്ലാ ജില്ലകളിലും ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതികളും രൂപീകരിക്കണമെന്ന വ്യവസ്ഥ പ്രകാരം ജില്ലകളിൽ ഉപഭോക്തൃ സംരക്ഷണ സമിതികളും രൂപീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

പൊതുവിപണിയിൽ മിനി സൂപ്പർ മാർക്കറ്റുകളും ലാഭ കേന്ദ്രങ്ങളും ആരംഭിക്കുവാൻ നടപടി

78 [2067] ശ്രീ. കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര ലാഭം മാർക്കറ്റുകളും, നീതി സ്റ്റോറുകളും, മിനി സൂപ്പർ മാർക്കറ്റ്, മറ്റ് വിവിധ ഷോപ്പുകളും അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിപണിയിൽ ശക്തമായി ഇടപെടുന്ന സിവിൽ സപ്ലൈസ് വകുപ്പ് കൂടുതൽ മിനി സൂപ്പർ മാർക്കറ്റുകളും ലാഭ കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എല്ലാ പ്രധാന ജംഗ്ഷനുകളിലും ഇത്തരം ഷോപ്പുകളും ആരംഭിക്കുവാൻ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 164 ലാഭം മാർക്കറ്റുകളും, 129 മാവേലി സ്റ്റോറുകളും, 19 മെഡിക്കൽ ഷോപ്പുകളും എന്നിവ പുതുതായി അനുവദിച്ച് പ്രവർത്തനം തുടങ്ങി. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ നീതി സ്റ്റോറുകളും, മിനി സൂപ്പർ മാർക്കറ്റുകളും എന്നീ പേരുകളിലുള്ള വിപണന ശാലകളും പ്രവർത്തനം നടത്തുന്നില്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ ലാഭം മാർക്കറ്റുകളും മാവേലി സ്റ്റോറുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലസൗകര്യം ലഭിക്കുന്ന പക്ഷം ഇത്തരം ഷോപ്പുകളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly